LIBRARY ARCHIVES Kerala Legislative Assembly

## താൽക്കാലിക കണ്ടക്ടർമാരിൽനിന്ന് സ്വീകരിച്ച കോഷൻ ഡിപ്പോസിറ്റ്

168 [625] ശ്രീ. പി. കെ. കെ. ബാവ :

„ കളത്തിൽ അബ്ദുള്ള :

„ സി. മോയിൻ കുട്ടി :

„ കെ. എൻ. എ. ഖാദർ :

„ പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ പോസ്റ്റിലേക്ക് പി.എസ്.സി. ലിസ്റ്റിൽ സെലക്ഷൻ കിട്ടിയവർക്ക് അഡ്വൈസ് ലഭിക്കുന്നതിന് മുൻപ് താൽക്കാലിക കണ്ടക്ടർ തസ്തികയിൽ നിയമനം നൽകിയപ്പോൾ അവരിൽ നിന്നും സ്വീകരിച്ച കോഷൻ ഡിപ്പോസിറ്റ് ആയ 3000 രൂപ പി.എസ്.സി. നിയമനം ലഭിച്ചപ്പോൾ തിരികെ കൊടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇതിന് എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ തുക എന്നത്തേക്ക് നൽകാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിച്ചവർക്ക് അതിന് മുൻപ് താൽക്കാലിക കണ്ടക്ടർ തസ്തികയിൽ നിയമനം നൽകിയപ്പോൾ ഈടാക്കിയ കോഷൻ ഡിപ്പോസിറ്റ് തുക അവരുടെ ബാദ്ധ്യത (ലയബിലിറ്റി) തീർക്കുന്ന മുറയ്ക്ക് ആവശ്യപ്പെടുമ്പോൾ തിരിച്ച് കൊടുക്കുന്നുണ്ട്.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

## കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ, ഡ്രൈവർ തസ്തികയിലേക്ക് താൽക്കാലിക നിയമനം

169 [626] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ, ഡ്രൈവർ തസ്തിക്യിലേക്ക് താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ നിയമനത്തിന്റെ സ്വഭാവം, നിയമിച്ചവരുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ ;

(സി) നിയമനം ലഭിച്ചിട്ടുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) നിയമനത്തിന് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) നിയമനം ലഭിച്ചവരിൽ ഏതൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ശുപാർശ ചെയ്തവരാണെന്ന് എക്സ്ചേഞ്ച് തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എം. പാനലായി ജോലി നോക്കി വരുന്നവർക്ക് മുൻഗണന നൽകിയിട്ടുണ്ടോ ; എങ്കിൽ അപ്രകാരമുള്ള എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യിൽ കൊടുത്തുതീർക്കാനുള്ള ആനുകൂല്യങ്ങൾ

170 [627] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ, മറ്റാനുകൂല്യങ്ങൾ, മോട്ടോർ ആക്സിഡന്റ് ക്ലെയിം എന്നീ ഇനത്തിൽ എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ വിവിധ ധനകാര്യ ഏജൻസികളിൽ നിന്ന് കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപ കടമെടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പെൻഷൻ ആനുകൂല്യ ഇനത്തിൽ 250 കോടി രൂപയും, എം.എ.സി.റ്റി. ക്ലെയിം ഇനത്തിൽ വിധി തുകയായി 21.59 കോടി രൂപയും കൊടുക്കാനുണ്ട്.

(ബി) യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. ഹഡ്കോയിൽ നിന്നും 25 കോടി രൂപയും കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും 447.79 കോടി രൂപയും (ആകെ 25+447.79=472.79 കോടി രൂപ) കടമെടുത്തിട്ടുണ്ട്.

## തമ്പാനൂർ ബസ് സ്റ്റാന്റിലെ അപകട മരണങ്ങൾ

171 [628] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഒക്ടോബറിൽ തിരുവനന്തപുരത്ത് തമ്പാനൂർ ബസ് സ്റ്റാന്റിൽ എത്ര അപകട മരണങ്ങളുണ്ടായി ;



LIBRARY ARCHIVES Kerala Legislative Assembly